പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5006 30-06-2014-ൽ മറുപടിക്ക്

## അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വർക്കല കഹാർ:<br>" എം. പി. വിൻസെന്റ്:<br>" പി. എ. മാധവൻ:<br>" കെ. ശിവദാസൻ നായർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് നടത്തി വരുന്നു. ഇതിന്റെ ഫലമായി ഈ വർഷം മേയ് 31 വരെ 5358 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിരവധി ബാറുകൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ വ്യാജവാറ്റ്, അനധികൃത മദ്യവില്പന, സ്പിരിറ്റ് കള്ളക്കടത്ത് എന്നിവ ഫലപ്രദമായി തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം "റെഡ് അലർട്ടായി" പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. |
| (ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി)-യും, (സി)-യും<br>എല്ലാ മാസവും രണ്ടാമത്തെ പ്രവൃത്തി ദിനത്തിൽ ജില്ലാ അധികാരികളായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജില്ലകളിലെ എക്സൈസ് ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ മാസാവലോകനം നടത്താറുണ്ട്. കൂടാതെ ജില്ലയിലെ അസി. എക്സൈസ് കമ്മീഷണർമാർ, എല്ലാ മാസവും ഓഫീസർമാരുടെ ദ്വൈവാര കോൺഫറൻസ് വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ എല്ലാ മാസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസി. എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് അതാത് മേഖലയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ജില്ലകൾ സന്ദർശിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ മന്ത്രി തലത്തിൽ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. |

സെക്ഷൻ ആഫീസർ